DESPATCHED On... 29/06/2020

12/05/2020

**സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,**
**തിരുവനന്തപുരം 695 001**
**ഫോൺ: 0471 2335199, ഫാക്സ്: 0471 2330920**
**E-mail: sic@kerala.nic.in**

**ഹർജി നമ്പർ AP.No.580(4)/2013/SIC**

**തീർപ്പുകൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**

**File No.3570/SIC-Gen 2/2013**

**സന്നിഹിതൻ**

**ശ്രീ.**കെ.വി. സുധാകരൻ, സംസ്ഥാന **വിവരാവകാശ കമ്മീഷണർ**

ശ്രീ. തടത്തിൽ മൂസ,
അവറാൻകുട്ടി,
തറയിൽ, തെന്നല പി.ഒ, മലപ്പുറം-676 508. } അപ്പീൽ ഹർജിക്കാരൻ

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
   സെക്രട്ടറി,
   തെന്നല ഗ്രാമപഞ്ചായത്ത് ഓഫീസ്,
   വാളക്കുളം പി.ഒ,
   മലപ്പുറം–676 508.
2. അപ്പീൽ അധികാരി &
   പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ,
   പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയം,
   മലപ്പുറം.

} എതിർകക്ഷികൾ

## ഉത്തരവ്

അപ്പീൽ ഹർജിക്കാരൻ 23.07.2012 ൽ ഒന്നാം എതിർകക്ഷിക്കു നൽകിയ വിവരാവകാശ അപേക്ഷയിൽ ആവശ്യപ്പെട്ട തെന്നല പഞ്ചായത്തിലെ 2008-09 എടരിക്കോട് തെന്നല കുടിവെള്ള പദ്ധതിയുടെ പുനരുദ്ധാരണ പദ്ധതിയിലേക്ക് നിലവിലെ 16-ാം വാർഡ്, പഴയ 9,14 വാർഡുകൾ എന്നിവിടങ്ങളിൽ നിന്ന് ഗുണഭോക്തൃ വിഹിതം അടച്ചവരുടെ പേരു വിവരങ്ങൾ ആവശ്യപ്പെട്ടിട്ട് ലഭിച്ചില്ല എന്നതാണ് പരാതി. വീണ്ടും 02.11.2012 ൽ രജിസ്റ്റേഡ് തപാൽ വഴി അപേക്ഷ നൽകിയപ്പോൾ ലഭിച്ചതാകട്ടെ, മറ്റൊരു വാർഡിന്റെ ലിസ്റ്റാണെന്നും അപ്പീൽ ഹർജിയിൽ പറയുന്നു. പിന്നീട് 04.12.2012 ൽ

ഒന്നാം അപ്പീൽ സമർപ്പിച്ചതിനുശേഷം, അപ്പീലധികാരി തൃപ്തികരമായ രീതിയിൽ 10.01.2013 ൽ മറുപടി നൽകിയെങ്കിലും, അപ്പീലധികാരിയുടെ തീർപ്പ് ഒന്നാം എതിർകക്ഷി നടപ്പാക്കിയിട്ടില്ലെന്നും പരാതിയിൽ പറയുന്നു.

2. ഇതിനുശേഷം കമ്മീഷന്റെ നിർദ്ദേശ പ്രകാരം ഒന്നാം എതിർകക്ഷി 22.04.2013 ൽ കമ്മീഷന് റിപ്പോർട്ട് നൽകി. റിപ്പോർട്ടിൽ ഇപ്രകാരം പറയുന്നു.

"ഒന്നാം അപ്പീൽ അധികാരി 29.12.2012 ലെ ഉത്തരവ് നമ്പർ ഡി5:21199/12 കെ.ഡിസ് പ്രകാരം വിവരങ്ങൾ കൺവീനറിൽ നിന്നും 1 മാസത്തിനുള്ളിൽ നോട്ടീസ് നൽകി ലഭ്യമാക്കി അപേക്ഷകന് സൗജന്യമായി നൽകുന്നതിനും അഥവാ വിവരങ്ങൾ ലഭ്യമാകാത്തപക്ഷം ആയത് സംബന്ധിച്ച വിശദവിവരങ്ങൾ അപേക്ഷകനെ അറിയിക്കുന്നതിനും ഉത്തരവിടുകയുണ്ടായി. (എക്സിബിറ്റ്-8). ഉത്തരവിൻ പ്രകാരം 19.01.2013 ലെ എ4-6305/12 നമ്പർ രജിസ്റ്റേഡ് കത്ത് 10 പ്രകാരം ദിവസത്തിനുള്ളിൽ ഗുണഭോക്തൃവിഹിതം അടവാക്കിയവരുടെ വിവരം അറിയിക്കുന്നതിനും, ആയത് എന്തെങ്കിലും കാരണവശാൽ ലഭ്യമല്ലെങ്കിൽ പ്രസ്തുത വിവരം രേഖാമൂലം അറിയിക്കുന്നതിനും കൺവീനർക്ക് കത്ത് നൽകുകയുണ്ടായി. എന്നാൽ ടിയാൾ 20.04.2013 വരെ ആയത് സംബന്ധിച്ച് യാതൊരുവിവരവും ഓഫീസിൽ സമർപ്പിച്ചിട്ടില്ല എന്നതിനാൽ അപേക്ഷകൻ ആവശ്യപ്പെട്ട പ്രകാരമുള്ള വിവരം നൽകുവാൻ കഴിയാതെ വന്ന വിവരം ബോധിപ്പിക്കുന്നു. ഇതിനിടെ 20.04.2013 ൽ ഗുണഭോക്തൃസമിതി കൺവീനറായ മച്ചിങ്ങൽ മുഹമ്മദ്കുട്ടി, പഞ്ചായത്തിൽ ഏൽപ്പിച്ചതിന് ശേഷം തന്റെ കൈവശം അവശേഷിച്ചിരുന്ന രശീതിബുക്കുകളും, രേഖകളും കാലപ്പഴക്കം നിമിത്തം ലഭ്യമല്ലാത്തവിധം നഷ്ടപ്പെട്ടു പോയിട്ടുള്ളതാണെന്ന് അറിയിച്ചുകൊണ്ട് മറുപടി നൽകുകയുണ്ടായി (എക്സിബിറ്റ്-9)."

RIGHT TO

3. ഇതിനുശേഷം കമ്മീഷൻ 02.02.2019 ൽ മലപ്പുറം കളക്ടറേറ്റിലെ വീഡിയോ കോൺഫ്രൻസിംഗ് സംവിധാനം വഴി ഹിയറിംഗ് നടത്തി. അപ്പീൽ ഹർജിക്കാരൻ ഹാജരായില്ല. ഒന്നാം എതിർകക്ഷി ഹാജരായി.

4. അപ്പീൽ ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങൾ പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട കൺവീനറിൽ നിന്നു കിട്ടേണ്ടതായിരുന്നുവെന്നും, എന്നാൽ ടിയാനോട് രേഖാമൂലം ആവശ്യപ്പെട്ടിട്ട് മറുപടി ലഭിച്ചില്ലെന്നും, അതുകൊണ്ടാണ് വിവരങ്ങൾ നൽകാൻ കഴിയാതെ വന്നതെന്നും ഒന്നാം എതിർകക്ഷി ഹിയറിംഗിൽ പറഞ്ഞു.

5. ഒന്നാം എതിർകക്ഷിയുടെ മൊഴിയും, റിപ്പോർട്ടും അനുബന്ധ രേഖകളും കമ്മീഷൻ പരിശോധിച്ചു. അപേക്ഷയിൽ ആവശ്യപ്പെട്ട വിവരങ്ങൾ സൂക്ഷിച്ചിരുന്ന കൺവീനർ അത് നൽകാത്തതുമൂലമാണ് അപേക്ഷകൻ ആവശ്യപ്പെട്ട വിവരങ്ങൾ നൽകാൻ കഴിയാതെ വന്നത് എന്ന ഒന്നാം എതിർകക്ഷിയുടെ മൊഴി കമ്മീഷൻ വിശ്വാസത്തിലെടുക്കുന്നു.

6. രേഖകളൊക്കെ നശിച്ചുപോയതാണെന്ന് ടി കൺവീനർ 20.04.2013 ൽ ഒന്നാം എതിർകക്ഷിക്കു നൽകിയ കത്തിൽ പറയുന്നുമുണ്ട്.

7. ടി പദ്ധതി പ്രവർത്തനങ്ങളുടെ കൺവീനർ ഏതെങ്കിലും ഔദ്യോഗിക പദവി വഹിക്കുന്ന ആളാണെന്നു കമ്മീഷൻ കരുതുന്നില്ല. അതുകൊണ്ടുതന്നെ ടിയാന്റെ പക്കലുണ്ടായിരുന്ന രേഖകൾ നശിച്ചുപോയതിന് നിയമപരമായ നടപടിയെടുക്കാനും കഴിയാത്ത സാഹചര്യമാണ്.

൪. ഇതെല്ലാം പരിഗണിക്കുമ്പോൾ അപ്പീൽ ഹർജിയിന്മേൽ തുടർ നടപടി ആവശ്യമുണ്ടെന്നു കമ്മീഷൻ കരുതുന്നില്ല. അതിന്റെ അടിസ്ഥാനത്തിൽ അപ്പീൽ ഹർജിയിന്മേൽ തുടർ നടപടികൾ അവസാനിപ്പിച്ചുകൊണ്ട് ഇന്നേദിവസം 12.05.2020 ന് ഉത്തരവാകുന്നു.

**(ഒപ്പ്)**
**കെ.വി. സുധാകരൻ,**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**കമ്മീഷൻ സെക്രട്ടറി**

re